പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.5896

28.03.2018 ൽ മറുപടിക്ക്

## ഫോർട്ട് കൊച്ചി താലൂക്ക് ആശുപത്രിയിലെ ഗൈനക്കോളജി വിഭാഗം

| ചോദ്യം<br>ശ്രീ.ജോൺ ഫെർണാണ്ടസ് | | ഉത്തരം<br>ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | ഫോർട്ട് കൊച്ചി താലൂക്ക് ആശുപത്രിയിലെ എല്ലാ സൗകര്യങ്ങളോടും കൂടിയ ഗൈനക്കോളജി വിഭാഗം നിർത്തലാക്കിയിട്ടുണ്ടോ;എങ്കിൽ കാരണം വിശദമാക്കാമോ; | (എ)<br>&<br>(ബി) | ഫോർട്ട് കൊച്ചി താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രിയിൽ ഗൈനക്കോളജി വിഭാഗം നിർത്തലാക്കിയിട്ടില്ല. പ്രസ്തുത ആശുപത്രിയിൽ രണ്ട് ഗൈനക്കോളജി തസ്തികയാണ് നിലവിലുള്ളത്. എന്നാൽ ഇവിടെ പ്രസവ കേസുകൾ താരതമ്യേന കുറവായതിനാൽ കൺസൾട്ടന്റ്, ജൂനിയർ കൺസൾട്ടന്റ്, എന്നീ വിഭാഗക്കാരുടെ ലാവണം, ഫോർട്ട് കൊച്ചിയിൽ നിലനിർത്തിക്കൊണ്ടു തന്നെ മട്ടാഞ്ചേരി സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിയിലേക്ക് പ്രവർത്തന ക്രമീകരണം മാത്രമാണ് ചെയ്തിട്ടുള്ളത് |
| (ബി) | ഈ പ്രദേശത്തെ ജനങ്ങൾ വർഷങ്ങളായി ആശ്രയിക്കുന്ന സർക്കാർ ആശുപത്രിയിൽ പരിചയ സമ്പന്നരായ ഡോക്ടർമാരെ നിയോഗിച്ച് ഗൈനക്കോളജി വിഭാഗം പുനരാരംഭിക്കാൻ നടപടി സ്വീകരിക്കുമോ;വ്യക്തമാക്കാമോ? | | |

സെക്ഷൻ ഓഫീസർ